(സി) സാമ്പത്തികമായി താഴെത്തട്ടിലുള്ള സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് നിരവധി ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ഗവൺമെന്റ് ക്വാട്ടയിൽ 2005-2006 വർഷം അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്ക് സർക്കാർ കോളേജുകളിലെ ഫീസ് ഈടാക്കിയാൽ മതിയെന്ന കാര്യം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ എയിഡഡ് പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ചുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സ് പഠനത്തിന് ഫീസിളവും അനുവദിച്ചു നൽകുന്നുണ്ട്.

പ്ലസ്ടു പരീക്ഷയുടെ മാർക്കുകൂടി പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിന് മാനദണ്ഡമായി കണക്കാക്കാൻ നടപടി

*4 |108| *ശ്രീ. കെ. നാരായണക്കുറുപ്പ്:*

" *റോഷി അഗസ്റ്റിൻ:*

" *തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരീക്ഷയിലൂടെ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നില്ലായെന്നുള്ളത് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ആവശ്യമായ പരിശീലനം ലഭിക്കാത്തതുകൊണ്ടാണോ ഇങ്ങനെ സംഭവിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്ലസ്ടു പരീക്ഷയുടെ മാർക്ക് കൂടി പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിന് മാനദണ്ഡമായി കണക്കാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) ഉണ്ട്.

(ബി) & (സി) പരിശീലനം നൽകുന്ന പദ്ധതികളെക്കുറിച്ച് പരിശോധിച്ച ശേഷം ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എൻജിനീയറിംഗ് മേഖലയിൽ നിയന്ത്രണ സ്ഥാപനമായ എ. ഐ. സി. ടി. ഇ. മെഡിക്കൽ മേഖലയിലെ നിയന്ത്രണ സ്ഥാപനമായ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ, ഇൻഡ്യൻ ഫാർമസി കൗൺസിൽ മുതലായവ യോഗ്യതാ പരീക്ഷയുടെ മാർക്ക് കൂടി പരിഗണിച്ച് പ്രൊഫഷണൽ കോഴ്സിന് പ്രവേശനം നൽകണമെന്ന് നിർദ്ദേശിച്ചിട്ടില്ല. മറിച്ച് പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിയന്ത്രണ അധികാരികളുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവേശനം നൽകുന്ന സ്ഥാപനങ്ങളുടെ അംഗീകാരം നഷ്ടപ്പെടാൻ സാദ്ധ്യതയുള്ളതിനാൽ പ്രവേശന പരീക്ഷ നടപടിക്രമത്തിന് മാറ്റം വരുത്തുന്നതിന് മേൽപ്പറഞ്ഞ സമിതികളുടെ അംഗീകാരം നേടേണ്ടതായിട്ടുണ്ട്. എന്നാൽ ഇൻഡ്യൻ ആർക്കിടെക്ചർ കൗൺസിൽ നൽകിയിട്ടുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2005 മുതൽ അഭിരുചി പരീക്ഷയിൽ ലഭിക്കുന്ന മാർക്കിനും യോഗ്യതാ പരീക്ഷയിൽ ലഭിക്കുന്ന മാർക്കിനും തുല്യ പ്രാധാന്യം നൽകിയാണ് ആർക്കിടെക്ചർ വിഭാഗത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്.

പട്ടിക സമുദായ വിദ്യാർത്ഥികൾക്ക് പഠനത്തിനായി സാമ്പത്തിക സഹായം

*5 [109] *ശ്രീ. കെ. കെ. ലതാജു:*

.. *എ. എൻ. രാജൻ ബാബു:*

.. *ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിലേക്ക് എത്ര രൂപ സഹായധനമായി നൽകി എന്ന് വ്യക്തമാക്കുമോ:

(ബി) ഈ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസും മറ്റാനുകൂല്യങ്ങളും യഥാസമയം ലഭിക്കാതെ വരുന്നതുമൂലം വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(സി) ഉണ്ടെങ്കിൽ അതത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly